(ബി) അനുബന്ധമായി ചേർക്കുന്നു.*

ക്രമ നമ്പർ	ജില്ല	ഗ്രാമപഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്	ജില്ലാ പഞ്ചായത്ത്	നഗരസഭ
1	തിരുവനന്തപുരം	6	Nil	Nil	Nil
2	കൊല്ലം	9	2	1	1
3	പത്തനംതിട്ട	12	5	1	Nil
4	ആലപ്പുഴ	10	4	Nil	2
5	കോട്ടയം	11	6	2	1
6	ഇടുക്കി	2	2	Nil	1
7	എറണാകുളം	3	2	1	3
8	തൃശ്ശൂർ	Nil	Nil	1	1
9	പാലക്കാട്	9	6	3	1
10	മലപ്പുറം	54	16	5	13
11	കോഴിക്കോട്	63	13	2	2
12	വയനാട്	1	1	Nil	Nil
13	കണ്ണൂർ	21	6	1	3
14	കാസർഗോഡ്	6	1	1	-
	Total	207	64	18	28

വൃദ്ധജനങ്ങളുടെ സംരക്ഷണം

3440 ശ്രീമതി കെ. എസ്. സലീഖ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോപ്പുലേഷൻ റിസർച്ച് സെന്റർ വിവിധ സംസ്ഥാനങ്ങളിൽ നടത്തിയ സർവ്വേ പ്രകാരം അറുപത് വയസ്സ് കഴിഞ്ഞവർ സംസ്ഥാനത്ത് എത്ര പേരുണ്ടെന്നും ഇത് സംസ്ഥാന ജനസംഖ്യയുടെ എത്ര ശതമാനം വരുമെന്നും വ്യക്തമാക്കുമോ;

(ബി) ഇവരിൽ 80 വയസ്സ് കഴിഞ്ഞവർ എത്രയാണെന്നും ഇത് സംസ്ഥാന ജനസംഖ്യയുടെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുമോ;

(സി) ഇവർക്കായി സാമൂഹ്യനീതി വകുപ്പ് എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ട്. വിശദാംശം നൽകുമോ;

* അനുബന്ധമായി ചേർത്തിരിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇവരുടെ സഹായ സംരക്ഷണ പ്രവർത്തനങ്ങൾക്കായി നടപ്പു വർഷം എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എന്ത് തുക കേന്ദ്ര സഹായം ലഭിച്ചുവെന്നും ഇവയിൽ എന്ത് തുക നാളിതുവരെ ചെലവാക്കിയെന്നുമുള്ള വിശദ വിവരം നൽകുമോ;

(ഇ) ഇവർക്ക് ആരോഗ്യ പരിരക്ഷ, പാർപ്പിട സൗകര്യം, സാമൂഹ്യ പരിരക്ഷ എന്നിവ ഉറപ്പു വരുത്താൻ എന്ത് നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്ത് 60 വയസ്സ് തികഞ്ഞ എല്ലാ ജനങ്ങൾക്കും ചികിത്സാ സഹായത്തിനായുള്ള ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് സർക്കാർ അംഗീകൃത ഇൻഷ്വറൻസ് കമ്പനികളുമായി യോജിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ജി) ഇവർ പലരും വിവിധതരത്തിലുള്ള ആക്രമണങ്ങൾക്ക് വിധേയരാകുന്നതും മക്കൾ വീട്ടിൽ നിന്നും ഇറക്കിവിട്ട് നിരാലംബരായി ജീവിതം നയിക്കേണ്ടിവരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) എങ്കിൽ ഇത്തരത്തിൽ എത്ര കേസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നാണ് സാമൂഹ്യനീതി വകുപ്പ് കണക്കാക്കുന്നത്, ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഐ) 60 വയസ് കഴിഞ്ഞവരുടെ സംരക്ഷണത്തിനായി സാമൂഹ്യനീതി വകുപ്പ് എന്ത് നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

<u>ഉത്തരം</u>

(എ) പോപ്പുലേഷൻ റിസർച്ച് സെന്റർ മുതിർന്ന പൗരന്മാരുടെ സാമ്പിൾ സർവ്വേ മാത്രമാണ് നടത്തിയിട്ടുള്ളത്. ജില്ലകളിലെ തെരഞ്ഞെടുത്ത പഞ്ചായത്തുകളിലെ തെരഞ്ഞെടുത്ത ബ്ലോക്കുകളിലാണ് സർവ്വേ നടത്തിയിട്ടുള്ളത്. 1214 വീടുകളിൽ നടത്തിയ സർവ്വേയിൽ 1365 വയോജനങ്ങൾ (സ്ത്രീകളും പുരുഷന്മാരും) ഉണ്ട്. സംസ്ഥാനത്ത് മുഴുവനും സർവ്വേ നടത്തിയിട്ടില്ലാത്തതിനാൽ ശതമാന കണക്ക് ലഭ്യമല്ല.

(ബി) പ്രത്യേകം വിവരം ശേഖരിച്ചിട്ടില്ല.

(സി) സാമൂഹ്യനീതി വകുപ്പ് വയോജനങ്ങൾക്കായി സംസ്ഥാനത്ത് വൃദ്ധസദനങ്ങൾ നടത്തുന്നുണ്ട്. ആഹാരം, വസ്ത്രം, മരുന്ന്, താമസ സൗകര്യം, മാനസിക ഉല്ലാസ മാർഗ്ഗങ്ങൾ എന്നിവ നല്കുന്നുണ്ട്. കൂടാതെ 512 വൃദ്ധസദനങ്ങൾ, സന്നദ്ധ സംഘടനകൾ നടത്തുന്നുണ്ട്. സംഘടനകൾക്ക് സർക്കാർ ഗ്രാന്റ്

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പകൽ പരിപാലന കേന്ദ്രങ്ങളും വൃദ്ധസദനങ്ങളും നടത്തുന്നുണ്ട്. സാമൂഹ്യനീതി വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പ് വഴി വിതരണം ചെയ്യുന്ന ഇന്ദിരാഗാന്ധി വാർദ്ധക്യകാല പെൻഷൻ 60 വയസ്സ് കഴിഞ്ഞവർക്ക് 500 രൂപയും 80 വയസ്സ് കഴിഞ്ഞവർക്ക് 1100 രൂപയും നൽകി വരുന്നുണ്ട്.

(ഡി) വകുപ്പ് നടപ്പു വർഷം അനുവദിച്ചത് - 21,53,00,000 രൂപ

ചെലവഴിച്ചത് - 9,92,04,100 രൂപ.

ഇന്ദിരാഗാന്ധി നാഷണൽ ഓൾഡേജ് പെൻഷനും ഇന്റഗ്രേറ്റഡ് പ്രോഗ്രാം ഫോർ ഓൾഡർ പേഴ്സൺസുമായി കേന്ദ്രസഹായം അനുവദിച്ചത് - 101,00,00,000 രൂപ

ചെലവഴിച്ചത് - 97,64,51,017 രൂപ.

(ഇ) സാമൂഹ്യനീതി വകുപ്പിലെ 15 വൃദ്ധസദനങ്ങൾ മുഖേനയും സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങൾക്ക് ഗ്രാന്റായി ഫണ്ട് അനുവദിച്ചും, വയോജനങ്ങളുടെ ആരോഗ്യപരിരക്ഷ, പാർപ്പിട സൗകര്യം, സാമൂഹ്യ പരിരക്ഷ എന്നിവ ഉറപ്പു വരുത്തുന്നുണ്ട്. കൂടാതെ വകുപ്പ് കേരള സാമൂഹ്യ സുരക്ഷ മിഷൻ വഴി 65 വയസ്സിനു മുകളിലായി പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി വയോമിത്രം എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

(എഫ്) മുതിർന്ന പൗരൻമാർക്കുവേണ്ടി സമഗ്രമായ ഒരു ആരോഗ്യ ഇൻഷുറൻസ് പരിപാടി ആവിഷ്കരിക്കാൻ മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള സംസ്ഥാന നയം 2013-ൽ ലക്ഷ്യമിട്ടിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ജി) ഉണ്ട്.

(എച്ച്) 60 വയസ്സ് തികഞ്ഞവർക്കെതിരെയുള്ള ആക്രമണങ്ങൾക്കും, അവരെ മക്കൾ വീട്ടിൽ നിന്ന് ഇറക്കിവിട്ടതുമായി ബന്ധപ്പെട്ട് 611 കേസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഐ) മാതാപിതാക്കൾക്കും മുതിർന്ന പൗരന്മാർക്കും വേണ്ടി നിലവിലുള്ള നിയമം കാര്യക്ഷമമായി നടപ്പിൽ വരുത്താനും, വയോജനങ്ങൾക്കായി രൂപീകരിച്ച നയത്തിലെ (2013) കർമ്മ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനും സാമൂഹ്യനീതി വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly